**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4468** **01-07-2024 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കയർ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ കയർ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സംഘങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | മണലൂർ മണ്ഡലത്തിൽ കയർ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന 2 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കരിക്കൊടി (CVCS 485), ചെമ്മാപ്പിള്ളി (CVCS591) എന്നിവയാണ് പ്രസ്തുത സംഘങ്ങൾ. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ കയറും, ഡീഫൈബറിംഗ് മെഷീനിൽ ചകിരിയും ചകിരിച്ചോറും ഉല്പാദിപ്പിച്ച് ടി സംഘങ്ങൾ വിതരണം നടത്തുന്നുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സംഘങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഡീഫൈബെറിംഗ് മെഷീൻ, അനുബന്ധ യന്ത്ര സാമഗ്രികൾ എന്നിവ സ്ഥാപിച്ചു. അടിസ്ഥാന സൗകര്യ വികസനം, പ്രവർത്തന മൂലധനം, പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ്, തുടങ്ങിയ പദ്ധതികളിൽ ധനസഹായം നൽകുകയും തൊഴിലാളികൾക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ